# ആലുവയിലെ സുന്നി മുജാഹിദ് സംവാദവും മടവൂർ വിഭാഗത്തിന്റെ നുണ പ്രചരണവും

## (മടവൂർ വിഭാഗം പരാജയപ്പെട്ട കൊണ്ടോട്ടി സംവാദവും ആലുവ സുന്നി മുജാഹിദ് സംവാദവും - ഭാഗം.2)

### 1. മടവൂർ വിഭാഗം പരാജയപ്പെട്ട കൊണ്ടോട്ടി സുന്നി മുജാഹിദ് സംവാദം

കൊണ്ടോട്ടിയിൽ വെച്ച് 2006 ഫെബ്രുവരി നാലിന്, മടവൂർ വിഭാഗത്തിലെ ഏറ്റവും വലിയ ഹദീസ് പണ്ഡിതനായി പരിചയപ്പെടുത്തപ്പെടുന്ന സലാം സുല്ലമിയും, മടവൂർ വിഭാഗത്തിലെ ഏറ്റവും വലിയ പ്രസംഗകനായി അറിയപ്പെടുന്ന അബ്ദുല്ലത്തീഫ് കരുമ്പിലാക്കലും കൂടി ഒരു മരുന്ന് കച്ചവടക്കാരനുമായി സംവാദം നടത്തുകയും, മരുന്ന് കച്ചവടക്കാരന്റെ മുമ്പിൽ പിടിച്ച് നിൽക്കാൻ കഴിയാതെ സലാം സുല്ലമിയും കൂട്ടരും ബഹളം വെച്ച് സംവാദത്തിൽ നിന്നും ഒളിച്ചോടിയ കാര്യവും ഞാൻ എന്റെ കഴിഞ്ഞ ലേഖനത്തിൽ വീഡിയോ ക്ലിപ്പിംഗ് സഹിതം വിശദീകരിച്ചിരുന്നു. ഹദീസ് ഗ്രന്ഥങ്ങൾ നോക്കി തെറ്റ് കൂടാതെ വായിക്കാൻ പോലും അറിയാത്ത പണ്ഡിതൻമാരുമായി സംവാദത്തിന്ന് പോയി അപമാനിതരായി, പ്രസ്തുത സംവാദത്തിന്റെ സി ഡി പുറത്തിറക്കാൻ പോലും കഴിയാതെ, കേരള മുസ്‌ലീങ്ങളുടെ മുമ്പിൽ മുജാഹിദ് പ്രസ്ഥാനത്തെയും തൗഹീദിനെയും ഹുസൈൻ മടവൂരും കൂട്ടരും അപമാനിച്ചിച്ച കാര്യവും കഴിഞ്ഞ ലേഖനത്തിൽ വിശദീകരിച്ചിരുന്നു.

### 2. ആലുവയിലെ സുന്നി ഔദ്യോഗിക മുജാഹിദ് സംവാദവും മടവൂർ വിഭാഗത്തിന്റെ നുണ പ്രചരണവും

ആലുവയിലെ കുന്നത്തേരിയിൽ വെച്ച് 2009 ജനുവരി നാലിന് സുന്നി പണ്ഡിതരും ഔദ്യോഗിക വിഭാഗം മുജാഹിദ് പണ്ഡിതരും തമ്മിൽ നടന്ന സംവാദത്തെക്കുറിച്ച്, മടവൂർ മുജാഹിദ് വിഭാഗം പണ്ഡിതർ അവരുടെ വാരികയായ ശബാബിൽ തുടർച്ചയായി ലേഖനങ്ങൾ എഴുതിക്കൊണ്ടിരിക്കുകയാണ്. ''അൽപം പോലും ദുർഗന്ധം പുറത്ത് വരാത്ത നിലക്ക് പരിപൂർണമായി ഖബ്റടക്കം ചെയ്യുക'' പോലെയുള്ള അറപ്പുളവാക്കുന്ന വാചകളാണ് മുജാഹിദുകൾക്കെതിരിൽ അവരുടെ ലേഖനങ്ങളിൽ ഉപയോഗിച്ചിരിക്കുന്നത് എന്ന കാര്യം എന്റ കഴിഞ്ഞ ലേഖനത്തിൽ വിശദീകരിച്ചിരുന്നു.


കൂടുതൽ ശ്രദ്ധ പതിപ്പിച്ചത്. അല്ലാത്ത പക്ഷം അല്പംപോലും ദുർഗന്ധം പുറത്തുവരാത്ത നിലയ്ക്ക് ഇവരെ പരിപൂർണമായി ഖബ്റടക്കം ചെയ്യുവാൻ സാധിക്കുമായിരുന്നു.

ഒരു മരുന്ന് കച്ചവടക്കാരന്റെ മുമ്പിൽ പോലും പിടിച്ച് നിൽക്കാൻ കഴിയാത്ത, ശബാബിന്റെ 'മാന്യമായ ഭാഷയിൽ' പറഞ്ഞാൽ, ''ദുർഗന്ധം പുറത്ത് വരാത്ത നിലക്ക്'' മടവൂർ വിഭാഗം പണ്ഡിതരെ ''ഖബ്റടക്കം ചെയ്ത'' 2006 ലെ കൊണ്ടോട്ടി സുന്നി മുജാഹിദ് സംവാദത്തിൽ പങ്കെടുത്ത സലാം സുല്ലമിയും അലി മദനി മൊറയൂരുമൊക്കെയാണ് മുജാഹിദുകൾക്കെതിരിൽ വിമർശനവുമായി ഇറങ്ങിയിരിക്കുന്നത് എന്നതാണ് കൗതുകകരമായ കാര്യം.

### 3. ആലുവ സംവാദത്തിന്റെ സി ഡി പുറത്തിറക്കിയപ്പോൾ സുന്നികൾ വെട്ടി മാറ്റിയ പ്രസക്ത ഭാഗങ്ങൾ

ഹുസൈൻ മടവൂരും കൂട്ടരും ആലുവ സംവാദവുമായി ബന്ധപ്പെട്ട് നടത്തിക്കൊണ്ടിരിക്കുന്ന നുണ പ്രചരണങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് മുമ്പായി, സംവാദത്തിൽ നടന്ന ചർച്ചകളെക്കുറിച്ച് അൽപം വിശദീകരിക്കേണ്ടതുണ്ട്. സംവാദത്തിൽ നിന്നും ഒളിച്ചോടാൻ വേണ്ടി സുന്നി പക്ഷം നടത്തിയ വഞ്ചനകൾ ഉൾപെടെയുള്ള പ്രസക്ത ഭാഗങ്ങൾ വെട്ടി മാറ്റിയാണ്, ആലുവ സംവാദത്തിന്റെ സി ഡി സുന്നി വിഭാഗം പുറത്തിയിറക്കിയിരുന്നത്. താഴെ വിശദീകരിക്കുന്ന സംവാദത്തിലെ പ്രസക്ത ഭാഗങ്ങൾ മുജാഹിദുകൾ പുറത്തിറക്കിയ സി ഡി യിൽ നിന്നുമുള്ളതാണ്.

സംവാദത്തിലെ കുറച്ച് ഭാഗങ്ങളുടെ വീഡിയോ മാത്രമേ അറ്റാച്ച് ചെയ്യാൻ നിർവാഹമുള്ളൂ. വീഡിയോ അറ്റാച്ച് ചെയ്ത ഭാഗങ്ങൾ നീല നിറത്തിൽ എഴുതിയിരിക്കുന്നു. ലേഖകന്റെ വിശദീകരണങ്ങൾ ബ്രാക്കറ്റിനകത്ത് കൊടുത്തിരിക്കുന്നു.

കൂടുതൽ വ്യക്തമായി മനസ്സിലാക്കാൻ വേണ്ടി, മുജാഹിദുകൾ പുറത്തിറക്കിയ സി ഡി നാലിലെ ആദ്യ 25 മിനുട്ട് കാണണമെന്ന് അഭ്യർത്ഥിക്കുന്നു.

### 4. ഹനീഫ മൗലവി ഉച്ചക്ക് മുൻപ് നടത്തിയ മറുപടി പ്രസംഗത്തിലെ പ്രസക്ത ഭാഗങ്ങൾ

ഉച്ചക്ക് മുമ്പുള്ള സെഷനിലെ, ഹനീഫ മൗലവിയുടെ ആറാമത്തെയും അവസാനത്തേതുമായ മറുപടി പ്രസംഗത്തിലെ പ്രസക്ത ഭാഗങ്ങൾ തഴെ കൊടുക്കുന്നു. (വീഡിയോ കാണാൻ ഇവിടെ ക്ലിക്ക് ചെയ്യുക.)

''ഖാമ (നിന്നു), ആര് നിന്നാൽ, അദ്ദേഹം നിന്നാൽ, ആര് നിന്നാൽ, പറയണ്ടെ, അത് ഞാൻ പറഞ്ഞത്, മത്ന് (ഹദീസിന്റെ ആശയം) മുഴുവൻ വായിക്കണം, വായിച്ചോ, വായിച്ചില്ല, വായിക്കാൻ കഴിയുമോ, കഴിയില്ല, ഇൻഷാ അല്ലാഹ്, ഈ സംവാദം കഴിയുന്നതിന് മുമ്പ് ആ മത്ന് ഞാൻ ഇവിടെ വായിക്കും, ഇപ്പോൾ ഞാൻ വായിക്കുന്നില്ല. മുസ്‌ലിയാൻമാരൊന്ന് ഉച്ചഭക്ഷണം കഴിക്കട്ടെ, ആ മത്ന് ഞാൻ വായിച്ചാൽ മുസ്‌ലിയാൻമാർക്ക് ഉച്ച ഭക്ഷണം കഴിക്കാൻ കഴിയില്ല''. (ഉച്ചക്ക് ശേഷം ഹദീസിന്റെ ആശയം മുഴുവനും വായിച്ചാൽ, തങ്ങളുടെ കള്ളത്തരം പിടിക്കപ്പെടും എന്ന് മനസ്സിലാക്കിയ സുന്നി പക്ഷം, എങ്ങിനെയെങ്കിലും സംവാദം കലക്കാൻ തീരുമാനിക്കുകയായിരുന്നു).

ഹനീഫ മൗലവിയുടെ പ്രസംഗം അവസാനിപ്പിക്കുന്നത് ഇങ്ങിനെ പറഞ്ഞ് കൊണ്ടാണ്: ''ഞാൻ പറഞ്ഞ കാര്യങ്ങൾ, ഒന്നും തന്നെ, മൂന്ന് വിഷയങ്ങൾ, ഒന്ന്, ഇസ്തിഗാസക്ക് (സഹായ തേട്ടത്തിന്, നിങ്ങൾ ഉദ്ധരിച്ച് ഹദീസ്) തെളിവാണെന്ന് പറയണം, (പിന്നിലിരിക്കുന്ന മുസ്ല്യാർ നൗശാദ് അഹ്സനിയോട് സംവാദം കലക്കാനുള്ള നിർദേശം നൽകുന്നത് കാണാം). രണ്ട്, ന്യൂനതയുണ്ടെന്ന് ഞാൻ പറഞ്ഞു, ഞാൻ പറയുന്നു ഇപ്പോഴും ന്യൂനതയുണ്ട്. ആ സനദുകൾ മുഴുവൻ വായിച്ചാൽ ഏത് സനദിലാണ് ന്യൂനത എന്ന് **ഞാൻ പറയും**. മൂന്നാമത്തേത്, അതിന്റെ മത്നുകൾ (ആശയം) വായിക്കണം, അതും ഇവിടെ വായിച്ചിട്ടില്ല'' (ഈ ഹദീസ് ഈസാ നബി(അ)യുമായി

മാത്രം ബന്ധപ്പെട്ടതാണെന്ന കാര്യം മറച്ചു വെക്കാൻ വേണ്ടി ഹദീസ് മുഴുവൻ വായിക്കാൻ നൗശാദ് അഹ്സനി ഒരിക്കലും തയ്യാറായിരുന്നില്ല.)

''ഒന്നാമത്, ഇസ്തിഗാസക്ക് (സഹായ തേട്ടത്തിന്) തെളിവാണെന്ന്, ഈ തർക്കത്തിലിരിക്കുന്ന പ്രാർഥനക്ക് തെളിവാണെന്ന് പറഞ്ഞാലേ മറ്റ് രണ്ടും പറയേണ്ട ബാധ്യത തന്നെ ഞങ്ങൾക്കുള്ളൂ. അത് നിങ്ങൾക്ക് തെളിയിക്കാൻ കഴിഞ്ഞിട്ടില്ല, പ്രാർഥനയുടെ നിർവചനത്തിലാണല്ലോ തർക്കം, ഹദീസ് സ്വഹീഹാണോ അല്ലേ എന്നതല്ല, പ്രാർഥനയുടെ നിർവചനം പൊളിക്കാനാണ് നിങ്ങൾ അത് (ഹദീസ്) ഉദ്ദരിച്ചത്, അത് (നിർവചനം) പൊളിക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല, ഞങ്ങൾ പറഞ്ഞ (കെ.എൻ.എം മദ്രസാ പാഠപുസ്തകത്തിലെ പ്രാർഥനയുടെ) നിർവചനം ഇപ്പോഴും ഒരു അഹ്സനിക്കും തകർക്കാൻ കഴിയാത്ത ചെങ്കോട്ടയായി നില നിൽക്കുന്നു എന്ന് ഈ സമൂഹം മനസ്സിലാക്കും''.

(ഇതോട് കൂടി, കരാർ പ്രകാരമുള്ള ഒന്നാം സെഷൻ അവസാനിക്കുന്നു).

## 5. സുന്നി പണ്ഡിതൻ സംവാദം കലാക്കാൻ വേണ്ടി ബഹളം വെക്കുന്നു, സുന്നി മധ്യസ്ഥൻ സഹായിക്കുന്നു

ഉച്ചക്ക് മുമ്പുള്ള സെഷൻ ഹനീഫ മൗലവിയുടെ മറുപടി പ്രസംഗത്തോടെ അവസാനിക്കേണ്ടതാണ്. പക്ഷെ എല്ലാ വ്യവസ്ഥകളെയും വെല്ലുവിളിച്ച് കൊണ്ട് നൗശാദ് അഹ്സനി സമയം കഴിഞ്ഞത് വക വെക്കാതെ, മുജാഹിദ് പണ്ഡിതൻ നുണ പറഞ്ഞു എന്ന് മൈക്കിലൂടെ ആക്രോശിച്ച് കൊണ്ട് സംവാദം അലങ്കോലപ്പെടുത്താൻ ശ്രമിക്കുന്നു.

നൗശാദ് അഹ്സനി: ''അത് തെളിയിച്ചിട്ട് ബാക്കി കാര്യം'' (വെല്ലുവിളിയുടെ സ്വരം). മധ്യസ്ഥന്മാർ അദ്ദേഹത്തോട് ഇരിക്കാൻ ആവശ്യപ്പെടുന്നു.

ഹനീഫ മൗലവി: ''മുസ്ലിയാക്കന്മാരുടെ മാന്യത നിങ്ങൾ തിരിച്ചറിയണം സമയം കഴിഞ്ഞിട്ടാണ് സംസാരിക്കുന്നത്''.

സുന്നി പണ്ഡിതരുടെ ആരോപണം ചർച്ച ചെയ്യണമെന്ന് സുന്നി മധ്യസ്ഥൻ മുജാഹിദ് പണ്ഡിതരോട് അഭ്യർഥിക്കുന്നു. രാവിലെയുള്ള സെഷൻ തീർന്നത് കൊണ്ട്, കരാറടിസ്ഥാനത്തിൽ ഉച്ചക്ക് ശേഷം നടക്കാനുള്ള സെഷനിൽ അൽബാനിയിലെ ഹദീസിനെക്കുറിച്ച് ചർച്ച ചെയ്യാം എന്ന് ഹനീഫ മൗലവി അറിയിക്കുന്നു.

(വാസ്തവത്തിൽ സംവാദം തുടരാൻ ഭയപ്പെട്ടിരുന്ന സുന്നി പക്ഷത്തിന്റെ നാടകം മാത്രമായിരുന്നു ഈ ബഹളങ്ങളെല്ലാം. മുജാഹിദുകൾ എന്തെങ്കിലും തെറ്റായി വായിച്ചിട്ടുണ്ടെങ്കിൽ, ഉച്ചക്ക് ശേഷമുള്ള സന്ദർഭത്തിൽ സുന്നികൾക്ക് അത് വായിക്കുവാനും മുജാഹിദുകളുടെ അബദ്ധം തുറന്ന് കാണിക്കാനും കഴിയുമായിരുന്നു).

## 6. സംവാദം കലക്കാൻ വേണ്ടി വഞ്ചനാപരമായ രീതിയിൽ സുന്നി മധ്യസ്ഥൻ തീരുമാനം പ്രഖ്യാപിക്കുന്നു

ഹനീഫ മൗലവിയുമായും മുജാഹിദ് മധ്യസ്ഥനുമായും ചർച്ച ചെയ്തെടുത്ത തീരുമാനം മൈക്കിലൂടെ സുന്നി മധ്യസ്ഥൻ അറിയിക്കുന്നു: ''ഹനീഫ മൗലവി വായിക്കുന്ന കാര്യങ്ങളെക്കുറിച്ച് ഉച്ചക്ക് ശേഷം വായിക്കാമെന്ന് പറഞ്ഞത് കൊണ്ട് (സുന്നി മധ്യസ്ഥന്റെ ചെവിയിൽ അബ്ദുറഷീദ് സഖാഫി കുതന്ത്രം പറഞ്ഞ് കൊടുക്കുന്നത് കാണാം), എഴുതിയ കരാറിന്റെ സമയം അദ്ദേഹം (ഹനീഫ മൗലവി) പറഞ്ഞു. ഇൻഷാ അല്ലാഹ് കരാറനുസരിച്ച് അടുത്ത പരിപാടി ആരംഭിക്കുന്നത് അത് വായിച്ച് ക്ളിയർ ചെയ്തതിന് ശേഷമായിരിക്കും. ഇപ്പോൾ ഇവിടെ ഉദ്ദരിച്ച, ചോദിച്ച സംശയം വായിച്ച് തീരുമാനിച്ച് തീർച്ചപ്പെടുത്തിയതിന് ശേഷമാണ് ഉച്ചക്ക് ശേഷമുള്ള അടുത്ത സെഷൻ ആരംഭിക്കുന്നത്''. (സംവാദം കലക്കാനുള്ള വിത്ത് പാകാൻ കഴിഞ്ഞതിൽ അബ്ദുറഷീദ് സഖാഫിയുടെ മുഖത്ത് സന്തോഷത്തിന്റെ നിറഞ്ഞ പുഞ്ചിരി കാണാം. സുന്നി വിഭാഗം ശ്രോതാക്കൾ തക്ബീർ വിളിച്ച് സന്തോഷത്തിൽ പങ്ക് ചേരുന്നു). വീഡിയോ കാണാൻ ഇവിടെ ക്ലിക്ക് ചെയ്യുക.

(വാസ്തവത്തിൽ, ''ചോദിച്ച സംശയം വായിച്ച് തീരുമാനിച്ച ശേഷമാണ് ഉച്ചക്ക് ശേഷമുള്ള അടുത്ത സെഷൻ ആരംഭിക്കുന്നത്'' എന്നല്ല, ''അടുത്ത സെഷനിൽ അത് വായിച്ച് ക്ളിയർ ചെയ്യാം'' എന്നാണ് സുന്നി മധ്യസ്ഥൻ പറയേണ്ടിയിരുന്നത്. പക്ഷെ, നേരത്തെ എഴുതി തയ്യാറാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ ഉച്ചക്ക് ശേഷം നടക്കേണ്ട രണ്ടാമത്തെ സെഷന് മുമ്പായി, കരാറിലില്ലാത്ത ഒരു പ്രത്യേക സെഷനാണ് ഇവിടെ അദ്ദേഹം പ്രഖ്യാപിച്ചിരിക്കുന്നത്. സംവാദം അലങ്കോലപ്പെടുത്താൻ വേണ്ടി കൊടിയ വഞ്ചനയാണ് സുന്നി മധ്യസ്ഥൻ ഇവിടെ നടത്തിയിരിക്കുന്നത്).

## 7. സുന്നി മധ്യസ്ഥന്റെ വഞ്ചനയെ മുജാഹിദ് മധ്യസ്ഥൻ ഉടനെ തന്നെ ചോദ്യം ചെയ്യുന്നു

എല്ലവരും കൂടി ഒന്നിച്ചെടുത്ത തീരുമാനത്തിന് വിരുദ്ധമായി, സംവാദം കലാക്കാൻ വേണ്ടി, കരാറിൽ ഇല്ലാത്ത ഒരു പ്രത്യേക സെഷൻ സുന്നി മധ്യസ്ഥൻ പ്രഖ്യാപിച്ചതിനെ, മുജാഹിദ് മധ്യസ്ഥൻ അപ്പോൾ തന്നെ ചോദ്യം ചെയ്യുന്നുണ്ട്. മുജാഹിദ് മധ്യസ്ഥൻ ചോദിക്കുന്നു: ''**ഇത് നിങ്ങളുടെ (സ്വന്തം) അഭിപ്രായമാണോ?**. (വ്യക്തമായ ഉത്തരം പറയാനില്ലാതെ നുണ പറഞ്ഞ സുന്നി മധ്യസ്ഥൻ പരുങ്ങുന്നത് കാണാം).

## 8. സുന്നി മധ്യസ്ഥന്റെ വഞ്ചനയെ മുജാഹിദ് പണ്ഡിതരും ചോദ്യം ചെയ്യുന്നു, അഹ്സനി ബഹളം വെക്കുന്നു

ഹനീഫ മൗലവി സുന്നി മധ്യസ്ഥനോട്: ''വ്യവസ്ഥ പ്രകാരമുള്ള സമയത്ത് അവർക്ക് ഉദ്ദരിക്കാം''.
പക്ഷെ സംവാദം കലക്കണമെന്ന് നിർബന്ധമുള്ള നൗശാദ് അഹ്സനി, തന്റെ അഭിപ്രായങ്ങൾ മധ്യസ്ഥനോട് പറയാതെ മൈക്കിലൂടെ ജനങ്ങളോട് പറയുന്നു: ''എന്ത് വ്യവസ്ഥയാണ് കളവ് പറയുമ്പോൾ''. (യഥാർത്ഥത്തിൽ കളവ് പറയുന്നത് അഹ്സനിയാണ്, ഹനീഫ മൗലവിയുടെ പ്രസംഗത്തിൽ യാതൊരു കളവും ഇല്ല എന്ന് അദ്ദേഹത്തിനുമറിയാം, അത് കൊണ്ടാണ് സംവാദം തുടരാനനുവദിക്കാതെ അദ്ദേഹം ബഹളം ഉണ്ടാക്കുന്നത് )

ഹനീഫ മൗലവി സുന്നി മധ്യസ്ഥനോട് പറയുന്നു: ''ഉച്ചക്ക് ശേഷം അവരുടെ സമയത്ത് അവർക്ക് പറയാം.''

വീണ്ടും അഹ്സനി മൈക്കിലൂടെ ഭീഷണിപ്പെടുത്തുന്നു: ''അല്ലല്ല, അത് ചർച്ച ചെയ്തിട്ട് തന്നെയുള്ളൂ പരിപാടി''.

ഹനീഫ മൗലവി വീണ്ടും: ''ഞങ്ങൾ അംഗീകരിച്ചിട്ടില്ല. അംഗീകരിച്ചോ, ആര് അംഗീകരിച്ചു, ആരോടാണ് ചർച്ച ചെയ്തത്. അവർ അങ്ങോട്ട് പറയുകയാണോ?, ഞാൻ പറഞ്ഞു, ഉച്ചക്ക് ശേഷം അവർക്ക് സമയമുണ്ട്, അവരുടെ

വിഷയാവതരണമുണ്ട്, ചോദ്യോത്തരമുണ്ട്, അതിൽ വേണമെങ്കിൽ ചോദിച്ചോട്ടെ'' (ഇതിന് മാത്രമായി ഒരു പ്രത്യേക സെഷൻ അംഗീകരിച്ചിട്ടില്ല എന്നർത്ഥം).

(ഉച്ച ഭക്ഷണത്തിനും നമസ്കാരത്തിനുമായി എല്ലാവരും പിരിയുന്നു).

## 9. സുന്നി മധ്യസ്ഥനും മുജാഹിദ് മധ്യസ്ഥനും തമ്മിലുള്ള തർക്കം ഉച്ചക്ക് ശേഷവും തുടരുന്നു

അനസ് മൗലവി: ''നിങ്ങൾ വായിച്ചോ, നിങ്ങളുടെ സമയത്ത് മുഴുവൻ നിങ്ങൾ ആ കിതാബും കൊണ്ടിരുന്നോ''.

സുന്നി മധ്യസ്ഥൻ: ഇത് പോലെ ഗണ്ഡന പ്രസംഗങ്ങളിൽ തീരുമാനം വരാത്തത് കൊണ്ടാണ് വാദപ്രതിവാദം വരുന്നത്''. (സുന്നി മധ്യസ്ഥൻ ആത്മാർഥത കൊണ്ട് പറയുന്നതല്ല ഇത്. എങ്ങിനെയെങ്കിലും സംവാദം മുടക്കണമെന്ന സുന്നി പണ്ഡിതരുടെ തീരുമാനം നടപ്പിലാക്കാനാണ് അദ്ദേഹത്തിന്റെ തീവ്ര ശ്രമം).

മുജാഹിദ് മധ്യസ്ഥൻ: ''നമ്മളിവിടെ തീരുമാനം ഉണ്ടാക്കാനല്ലല്ലോ, നിങ്ങൾ തീരുമാനം ഉണ്ടാക്കരുത്, ഈ കരാർ നടപ്പാക്കാനാണ് മധ്യസ്ഥന്മാർ ''.

അനസ് മൗലവി: ''നിങ്ങൾക്കെന്തെങ്കിലും ഉണ്ടെങ്കിൽ സംവാദത്തിൽ വായിക്കാം, അതിനപ്പുറം നിങ്ങളുമായി സംവദിക്കാനൊന്നും ഞങ്ങൾ കരാർ ചെയ്തിട്ടില്ല''.

അബ്ദുറഷീദ് സഖാഫി: ''അത് വേറെ സെഷനാണ് അനസ് മൗലവി, എന്താ നിങ്ങൾ ഈ പറയുന്നത്''. (വായിക്കാനും സംവാദം തുടരാനും താൽപര്യമില്ല എന്നർത്ഥം)

അനസ് മൗലവി: ''സംവാദം തുടങ്ങിയിട്ട് പറഞ്ഞോ നിങ്ങൾ, ഇവിടുന്നല്ല (ഇരുന്ന് കൊണ്ടല്ല) പറയേണ്ടത്, സംവാദം തുടങ്ങിയിട്ട് പറഞ്ഞോ, എന്തേ മുടക്കണമെന്ന് ആഗ്രഹം, എന്തേ നടക്കരുതെന്നാഗ്രഹം''.
(വീഡിയോ കാണാൻ ഇവിടെ ക്ലിക്ക് ചെയ്യുക.)

സുന്നി മധ്യസ്ഥന് സംവാദം കലക്കാൻ കഴിയുന്നില്ല എന്ന് മനസ്സിലാക്കിയ അബ്ദുറഷീദ് സഖാഫി വീണ്ടും എണീറ്റ് ബഹളം വെക്കുന്നു, സുന്നി മധ്യസ്ഥൻ അദ്ദേഹത്തെ പിടിച്ചിരുത്തുന്നു

## 10. പറയാനുള്ളത് മൈക്കിൽ പറയണമെന്ന് മുജാഹിദ് പണ്ഡിതർ വെല്ലുവിളിക്കുന്നു, സുന്നികൾ തയ്യാറാവുന്നില്ല

മുജാഹിദുകൾ എന്തോ അബദ്ധം പറഞ്ഞു എന്ന് സുന്നി ശ്രോതാക്കളെ തെറ്റിദ്ധരിപ്പിക്കാൻ വേണ്ടി, പിന്നിലിരിക്കുന്ന രണ്ട് സുന്നി പണ്ഡിതർ അൽബാനിയുടെ കിതാബുമായി മുജാഹിദ് പണ്ഡിതൻമാരുടെ അടുത്ത് ചെന്ന് വിശദീകരിക്കുന്നു.

അനസ് മൗലവി: അത് (ഹദീസിനെക്കുറിച്ച്) നിങ്ങൾ ഞങ്ങളോട് പറയേണ്ട, **വാദപ്രതിവാദത്തിന് മൈക്ക് കെട്ടിവെച്ചിട്ടുണ്ട്, നിങ്ങൾക്ക് ജനങ്ങളോട് പറയാം, റെക്കോർഡ് ചെയ്യും, അതിനെന്താ പ്രയാസം,** കരാറടിസ്ഥാനത്തിൽ വാദ പ്രതിവാദം നടക്കട്ടെ ''. (നൗശാദ് അഹ്സനിയുടെ മുഖത്ത് സംവാദം മുടങ്ങാത്തതിലുള്ള ടെൻഷൻ കാണാം ). (വീഡിയോ കാണാൻ ഇവിടെ ക്ലിക്ക് ചെയ്യുക.)

(സുന്നികൾക്ക് അത് പ്രയാസം തന്നെയാണ്. കാരണം, സുന്നികൾ അൽബാനിയിൽ നിന്നും ഉദ്ദരിച്ച ഹദീസിനെക്കുറിച്ച് മുജാഹിദുകൾ രണ്ട് ന്യൂനതയുണ്ടെന്ന് പറഞ്ഞു എന്ന പെരും കളവ്, മൈക്കിന്റെ മുമ്പിൽ വന്ന് തെളിയിക്കാൻ സുന്നികൾക്ക് കഴിയില്ല. അപ്പോൾ നാടകം കളിക്കുകയേ നിവൃത്തിയുള്ളൂ. ഇതൊന്നും സലാം സുല്ലമിക്കും മടവൂർ വിഭാഗം പണ്ഡിതർക്കും മനസ്സിലാകുന്നില്ല).

അൽബാനിയിലെ ഹദീസിനെക്കുറിച്ച്, കരാറടിസ്ഥാനത്തിലുള്ള രണ്ടാമത്തെ സെഷനിൽ ചർച്ച ചെയ്യാമെന്നാണ് മുജാഹിദ് പക്ഷം പറയുന്നത്, അത് സുന്നി പണ്ഡിതർക്ക് സമ്മതമാണോ എന്ന് സുന്നി മധ്യസ്ഥൻ അവരോട് ചോദിക്കുന്നു. തങ്ങളുടെ കള്ളത്തരങ്ങൾ ജനം തിരിച്ചറിയും എന്നത് കൊണ്ട് സുന്നി പക്ഷം അതിന് തയ്യാറാവുന്നില്ല. സംവാദം മുടക്കാൻ വേണ്ടി സുന്നി പക്ഷം വീണ്ടും എണീറ്റ് നിന്ന് ബഹളം വെക്കുന്നു. അവസാനം സംവാദം നിർത്തി വെക്കാൻ തീരുമാനിക്കുന്നു.

(സംവാദത്തിൽ നിന്നും ഒളിച്ചോടാൻ വേണ്ടി സുന്നി പണ്ഡിതരും മധ്യസ്ഥനും നടത്തിയ വഞ്ചനകൾ വ്യക്തമാക്കുന്ന, ഈ ലേഖനത്തിൽ 7, 8, 9, 10 നമ്പറുകളിലായി വിശദീകരിച്ച പ്രസക്ത ഭാഗങ്ങളെല്ലാം വെട്ടി മാറ്റിക്കൊണ്ടാണ് സുന്നികൾ സി ഡി പുറത്തിറക്കിയത്.)

## 11. സംവാദം നിർത്തിവെക്കാൻ തീരുമാനിച്ച വിവരം അറിയിക്കുമ്പോഴും സുന്നി മധ്യസ്ഥൻ കളവ് പറയുന്നു

സംവാദം നിർത്തിവെക്കാൻ തീരുമാനിച്ച വിവരം സുന്നി മധ്യസ്ഥൻ അറിയിച്ചതിന്റെ പൂർണ രൂപം ഇങ്ങിനെയാണ്. സുന്നി മധ്യസ്ഥൻ: ''ചർച്ച ചെയ്ത ചില വിഷയങ്ങളിൽ, ചില പരാമർശങ്ങൾ ബാക്കിയുള്ളത് കൊണ്ടും, സുന്നി പക്ഷം മുജാഹിദ് പക്ഷത്തിന്റെ ചില ഉദ്ദരണികൾ കളവാണെന്ന് ആരോപിച്ചതിന്റെ പേരിലും, അത് തെറ്റാണ് എന്ന് തെളിയിക്കാൻ ഈ വ്യവസ്ഥയിൽ വ്യവസ്ഥയില്ല എന്ന കാരണം പറഞ്ഞ് കൊണ്ട്, മുജാഹിദ് പക്ഷം തയ്യാറാവാത്തത് കൊണ്ടും, എല്ലാ ധാരണകളും (കരാറിലെ വ്യവസ്ഥകൾ) മാറ്റി വെച്ച് കൊണ്ട് ആദർശപരമായ ലക്ഷ്യത്തിന് വേണ്ടി ചർച്ചക്ക് തയ്യാറാവണമെന്ന് ഇവിടെയുള്ള മധ്യസ്ഥനായ മുഹമ്മദ് രാമന്തളി എന്ന മധ്യസ്ഥൻ ആവശ്യപ്പെട്ടപ്പോൾ, (രണ്ട് മധ്യസ്ഥന്മാരും ഒന്നിച്ചെടുത്ത തീരുമാനമല്ല ഇത് എന്ന് 'മുഹമ്മദ് രാമന്തളി എന്ന മധ്യസ്ഥൻ ആവശ്യപ്പെട്ടപ്പോൾ' എന്ന് പറഞ്ഞതിൽ നിന്നും വ്യക്തമാണല്ലോ), മറുവിഭാഗം തയ്യാറാവാതെ വരികയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ, മധ്യസ്ഥനമാർ ചർച്ച ചെയ്യുകയും, ഈ കിതാബ് ചർച്ച ചെയ്യാനും, കളവ് പറഞ്ഞു എന്ന് പറഞ്ഞ കിതാബ് ചർച്ച ചെയ്യാൻ തയ്യാറില്ലത്തതിന്റെ അടിസ്ഥാനത്തിൽ ഈ പരിപാടി നിർത്തി വെക്കാൻ മധ്യസ്ഥന്മാർ തീരുമാനിച്ച വിവരം അറിയിക്കുന്നു''. (വീഡിയോ കാണാൻ ഇവിടെ ക്ലിക്ക് ചെയ്യുക.)

സംവാദം തുടങ്ങാനും ഹദീസ് വായിക്കാനും മുജാഹിദ് പക്ഷം ആവശ്യപ്പെട്ടപ്പോൾ, ''അത് വേറെ സെഷനാണ്'' എന്ന ബാലിശമായ കാരണം പറഞ്ഞ്, സംവാദത്തിൽ നിന്നും ഒളിച്ചോടാൻ സുന്നി പക്ഷത്തിന് എല്ലാ ഒത്താശയും ചെയ്ത് കൊടുത്ത സുന്നി മധ്യസ്ഥൻ, ഇവിടെ പെരും കളവ് പറയുകയാണ്. വാസ്തവത്തിൽ ഹദീസിനെക്കുറിച്ച്

ചർച്ച ചെയ്യാൻ മുജാഹിദ് പക്ഷം തയ്യാറായിരുന്നു. പക്ഷെ അതിന് വേണ്ടി കരാറിലില്ലാത്ത ഒരു പ്രത്യേക സെഷൻ വേണമെന്ന സുന്നികളുടെ ധിക്കാരപരമായ ആവശ്യമാണ് അംഗീകരിക്കാതിരുന്നത്. കാരണം, ഒരു വ്യവസ്ഥയുമില്ലാതെ സംവാദം നടത്തിയാൽ അത് ബഹളത്തിലേ കലാശിക്കുകയുള്ളൂ എന്ന് ഏവർക്കും അറിയാവുന്നതാണ്. അഥവാ സംവാദത്തിൽ ഒരു വിഭാഗം കളവ് പറഞ്ഞിട്ടുണ്ടെങ്കിൽ തന്നെ, മറുവിഭാഗം അവരുടെ അടുത്ത അവസരത്തിൽ അത് ചൂണ്ടിക്കാണിക്കുകയാണ് സംവാദത്തിലെ രീതി. (മരുന്ന് കച്ചവടക്കാരനുമായി കൊണ്ടോട്ടിയിൽ വെച്ച് സംവാദം നടത്തിയ സലാം സുല്ലമിക്കും അലി മദനിക്കും ഇത് അറിയാമല്ലോ). കളവ് പറഞ്ഞെന്ന് തെളിയിക്കാൻ സാധ്യമല്ലാത്തത് കൊണ്ടാണ് സുന്നി പക്ഷം ബഹളം വെച്ചതും ആലുവാ സംവാദം കലക്കിയതും.

12. സംവാദം നിർത്തിവെക്കാൻ തീരുമാനിച്ച വിവരം മുജാഹിദ് മധ്യസ്ഥൻ അറിയിക്കുന്നതിന്റെ പൂർണ രൂപം.

മുജാഹിദ് മധ്യസ്ഥൻ: ‘‘ബഹുമാന്യരെ, ഇവിടെ പ്രതിപാദിച്ച വിഷയത്തിൽ ആറ് ചോദ്യങ്ങൾ ചോദിക്കാനും അതിന് മറുപടി പറയാനുമാണ് അവസരം എന്ന് മധ്യസ്ഥന്മാർ മുൻകൂട്ടി തയ്യാറാക്കിയിട്ടുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ ആറ് ചോദ്യങ്ങൾ ചോദിക്കുകയും അതിന് മറുവിഭാഗം മറുപടി പറഞ്ഞ് കഴിയുകയും ചെയ്തതിനാൽ അടുത്ത സെഷനിലേക്ക് കടക്കലാണ് മര്യാദ എന്ന് മറുപക്ഷം (മുജാഹിദ്) പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ, അത് സുന്നി പക്ഷം സ്വീകരിക്കാൻ തയ്യാറല്ല എന്നും ആദ്യം പറഞ്ഞതിന്റെ തുടർച്ചയാണ് നടക്കേണ്ടത് എന്ന് അവർ പറഞ്ഞു, അതല്ല വേണ്ടത് കരാർ പ്രകാരം പരിപാടി മുന്നോട്ട് പോകുകയാണ് വേണ്ടത് എന്ന് മുജാഹിദ് പക്ഷം പറയുകയും ചെയ്തിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ, ഇത് തുടർന്ന് പോകുവാൻ രണ്ട് കൂട്ടരും, ആ കരാറിൽ നിന്നും വിത്യസ്ഥമായി പോകുവാൻ, ആ കരാർ പ്രകാരം പോകണമെന്നുള്ള ഒരു നിർബന്ധത **മധ്യസ്ഥന്മാർക്കുള്ളത്** കൊണ്ട് ഞങ്ങൾ ഈ പരിപാടി നിർത്തി വെക്കുന്നു’’.

13. ആലുവ സംവാദത്തെക്കുറിച്ച് സലാം സുല്ലമി ശബാബിലെഴുതിയ (2009 ജനുവരി 30) നാല് പെരും നുണകൾ

2009 ജനുവരി 30 ലെ ശബാബിൽ (പേജ് 19) സലാം സുല്ലമിയെഴുതുന്നു: ‘‘ഈ ഹദീസ് (സുന്നികൾ) സംവാദത്തിൽ ഉദ്ദരിച്ചപ്പോൾ ഹനീഫ കായക്കൊടി, അനസ് മുസ്‌ലിയാർ, ജബ്ബാർ മൗലവി പോലെയുള്ളവർ അൽബാനി ഈ **ഹദീസിന്** രണ്ട് ന്യൂനതകളുണ്ട് (ഫീഹി ഇല്ലത്താനി) എന്ന് പറഞ്ഞിട്ടുണ്ടെന്ന് പറയുകയുണ്ടായി. (നുണ നമ്പർ 1 - ലേഖകൻ). സുന്നികൾ ആ ഭാഗം വായിക്കാൻ പറഞ്ഞപ്പോൾ ഹനീഫ് ഞാൻ ഉച്ചക്ക് ശേഷമുള്ള സെഷനിൽ വായിക്കാം എന്ന് പ്രഖ്യാപിച്ചു. **മധ്യസ്ഥന്മാരും** ഉച്ചക്ക് ശേഷമുള്ള പരിപാടി ആരംഭിക്കുക തന്നെ ഇത് വായിച്ച ശേഷമായിരിക്കുമെന്ന് പ്രഖ്യാപിച്ച് ഉച്ചക്ക് മുമ്പുള്ള പരിപാടി അവസാനിപ്പിച്ചു. (നുണ നമ്പർ 2). ഉച്ചക്ക് ശേഷം സംവാദം ആരംഭിച്ചപ്പോൾ (മുജാഹിദുകൾ) **വായിക്കാൻ വിസമ്മതം കാണിക്കുകയാണ്** ചെയ്തത് (നുണ നമ്പർ 3). അങ്ങിനെ അവർ മുജാഹിദ് പ്രസ്ഥാനത്തിന് അപമാനം ഏൽപിച്ച് **ഒളിച്ചോടുകയാണ്** ചെയ്തത്. (നുണ നമ്പർ 4). യഥാർത്ഥത്തിൽ അൽബാനി ഒരിക്കലും ഈ ഹദീസിനെക്കുറിച്ച് ഇപ്രകാരം പ്രസ്താവിച്ചിട്ടില്ല’’ (ഹനീഫ മൗലവിയും പറഞ്ഞിട്ടില്ല - ലേഖകൻ).


ഈ ഹദീസ് ഖുബൂരികൾ സംവാദ
ത്തിൽ ഉദ്ധരിച്ചപ്പോൾ ഹനീഫ കാ
യക്കൊടി, അനസ് മുസ്‌ലിയാർ, ജ
ബ്ബാർ മൗലവി പോലെയുള്ളവർ അ
ൽബാനി ഈ ഹദീസിന് രണ്ട് ന്യൂ (1)
നതകളുണ്ട് (ഫീഹി ഇല്ലത്താനി) എ
ന്ന് പറഞ്ഞിട്ടുണ്ടെന്ന് പറയുകയു
ണ്ടായി. സുന്നികൾ ആ ഭാഗം വായി
ക്കാൻ പറഞ്ഞപ്പോൾ ഹനീഫ് ഞാ
ൻ ഉച്ചക്ക് ശേഷമുള്ള സെഷനിൽ
വായിക്കാം എന്ന് പ്രഖ്യാപിച്ചു. മധ്യ (2)
സ്ഥന്മാരും ഉച്ചക്ക് ശേഷമുള്ള പരി
പാടി ആരംഭിക്കുകതന്നെ ഇത്


വായിച്ച ശേഷമായിരിക്കുമെന്ന്
പ്രഖ്യാപിച്ച് ഉച്ചക്ക് മുമ്പുള്ള പരി
പാടി അവസാനിപ്പിച്ചു. ഉച്ചക്ക് ശേ
ഷം സംവാദം ആരംഭിച്ചപ്പോൾ ന
വയാഥാസ്ഥിതികർ വായിക്കാൻ (3)
വിസമ്മതം കാണിക്കുകയാണ് ചെ
യ്തത്. അങ്ങനെ അവർ മുജാഹിദ്
പ്രസ്ഥാനത്തിന് അപമാനം ഏൽ
പിച്ച് ഒളിച്ചോടുകയാണ് ചെയ്തത്. (4)
യഥാർഥത്തിൽ അൽബാനി ഒരിക്ക
ലും ഈ ഹദീസിനെക്കുറിച്ച് ഇപ്ര
കാരം പ്രസ്താവിച്ചിട്ടില്ല

14. സംവാദ സി ഡി കാണുന്നവർക്ക് സലാം സുല്ലമി എഴുതിയ നുണകളുടെ നിജസ്ഥിതി മനാസ്സിലാക്കാം

സംവാദത്തിലെ പ്രസക്ത ഭാഗങ്ങൾ വെട്ടി മാറ്റിക്കൊണ്ടാണ് സുന്നി പക്ഷം സംവാദ സി ഡി കൾ പുറത്തിറക്കിയിരിക്കുന്നത്. മുജാഹിദുകൾ പുറത്തിറക്കിയ സംവാദത്തിന്റെ സമ്പൂർണ്ണ സി ഡി കാണുന്ന ആർക്കും, സലാം സുല്ലമി ജനുവരി 30 ലെ ശബാബിലെഴുതിയ നാല് നുണകളുടെ നിജസ്ഥിതി വ്യക്തമാകുന്നതാണ്. **സലാം സുല്ലമി ഒരു പാരഗ്രാഫിലെഴുതിയ നാല് നുണകളെക്കുറിച്ച്** അൽപം വിശദീകരിക്കാം.

നുണ 1: അൽബാനിയിൽ നിന്നും സുന്നികൾ ഉദ്ദരിച്ച ഹദീസിന് രണ്ട് ന്യൂനതയുണ്ടെന്ന് പറഞ്ഞു.

അൽബാനിയിൽ നിന്നും സുന്നി പണ്ഡിതൻ ഹദീസ് ഉദ്ദരിച്ച ശേഷം, ഏഴ് മിനുട്ട് സമയമാണ് ഹനീഫ മൗലവിക്ക് മറുപടി പ്രസംഗം നടത്താൻ അവസരം ലഭിച്ചത്. പ്രസ്തുത പ്രസംഗത്തിൽ, ന്യൂനത എന്ന പദം വന്നിട്ടുള്ള വാചകങ്ങളാണ് താഴെ എഴുതിയിരിക്കുന്നത്. (വീഡിയോ കാണാൻ ഇവിടെ ക്ലിക്ക് ചെയ്യുക.)

1. ‘‘അൽബാനിയൊക്കെ നിങ്ങൾ എടുത്തില്ലേ, ആ വായിച്ചതിന്റെ താഴെയുണ്ട് ഞാൻ പറഞ്ഞ കാര്യം, വ ഫീഹി ഇല്ലത്താനി (അതിൽ രണ്ട് ന്യൂനതയുണ്ട്) ’’
2. ‘‘ഞാൻ പറഞ്ഞ കാര്യം (ന്യൂനതയുള്ള ഹദീസ്) അൽബാനിയുടെ ആ സിൽസിലയിലുണ്ട്, ഇനി അത് വായിച്ച് പഠിച്ചോ, ഞാൻ പറയേണ്ടതില്ലല്ലോ’’..
3. ‘‘ന്യൂനതയുണ്ടെന്ന് ഞാൻ പറഞ്ഞു, ഞാൻ പറയുന്നു ഇപ്പോഴും ന്യൂനതയുണ്. ആ സനദുകൾ മുഴുവൻ വായിച്ചാൽ ഏത് സനദിലാണ് ന്യൂനത എന്ന് **ഞാൻ പറയും**’’

ന്യൂനതയുണ്ടെന്ന് പറഞ്ഞത് സുന്നികൾ അൽബാനിയിൽ നിന്ന് വായിച്ച ഹദീസിനെക്കുറിച്ചല്ല എന്നും, ഇത് വരെ സുന്നികൾ വായിച്ചിട്ടില്ലാത്ത ഇതേ ആശയമുള്ള അൽബാനിയിലെ മറ്റൊരു ഹദീസിനെക്കുറിച്ചാണ് ന്യൂനതയുണ്ടെന്ന് പറഞ്ഞത് എന്നും, ‘‘പറയും’’ എന്ന വാക്കിൽ നിന്നും വ്യക്തമാണ്. എല്ലാ സനദും വായിച്ചാൽ ന്യൂനത കാണിച്ച് തരാമെന്ന് തുടക്കം മുതൽ ഹനീഫ മൗലവി പറഞ്ഞിരുന്നു, ഇപ്പോൾ സുന്നികൾ വായിച്ച

സിൽസില എന്ന പുസ്തകത്തിൽ പ്രസ്തുത ഹദീസുണ്ട്, നിങ്ങൾ വായിച്ചതിന്റെ താഴെയുണ്ട്, എന്നാണ് ഇവിടെ ഹനീഫ മൗലവി വിശദീകരിക്കുന്നത്.

മാത്രമല്ല, ആറാമത്തെ ചോദ്യ സമയത്ത്, അൽബാനിയിലെ ഹദീസിന്റെ അവസാന ഭാഗം ഉദ്ദരിച്ച ശേഷം, പ്രസ്തുത ഹദീസ് സ്വഹീഹാണെന്ന് അൽബാനി എഴുതിയിട്ടുണ്ടെന്ന് വളരെ വിശദമായി തന്നെ അഹ്സനി വിശദീകരിക്കുന്നുണ്ട്. അതിന് ശേഷം സാമാന്യ ബോധമുള്ള ആരെങ്കിലും, ആ ഹദീസിന് ന്യൂനതയുണ്ടെന്ന് ആരോപിക്കുമോ. സുന്നികൾ വായിച്ച ഹദീസിന് ന്യൂനതയുണ്ടെന്ന് ഒരിടത്തും ഹനീഫ മൗലവി പറയുന്നില്ല. സലാം സുല്ലമി ശബാബിൽ നടത്തിയിരിക്കുന്ന ആരോപണം കളവാണെന്ന് സംവാദ സി ഡി കാണുന്നവർക്ക് ബോധ്യപ്പെടുന്നതാണ്.

<u>നുണ.2:ഉച്ചക്ക് ശേഷം പരിപാടി ആരംഭിക്കുന്നത് ഹദീസ് വായിച്ച ശേഷമായിരിക്കുമെന്ന് **മധ്യസ്ഥന്മാർ** പ്രഖ്യാപിച്ചു.</u>
''എല്ലാ ധാരണയും മാറ്റി വെച്ച് കൊണ്ട് ആദർശപരമായ ലക്ഷ്യത്തിന് വേണ്ടി ചർച്ചക്ക് തയ്യാറാവണമെന്ന് ഇവിടെയുള്ള മധ്യസ്ഥനായ മുഹമ്മദ് രാമന്തളി എന്ന മധ്യസ്ഥൻ ആവശ്യപ്പെട്ടപ്പോൾ'' എന്ന് സുന്നി മധ്യസ്ഥൻ പറഞ്ഞതിൽ നിന്നും, ''ഉച്ചക്ക് ശേഷമുള്ള പരിപാടി ആരംഭിക്കുന്നത് ഹദീസ് വായിച്ച് തീർച്ചപ്പെടുത്തിയ ശേഷമായിരിക്കുമെന്ന'' സുന്നി മധ്യസ്ഥന്റെ പ്രഖ്യാപനം രണ്ട് മധ്യസ്ഥന്മാരും ഒന്നിച്ചെടുത്ത തീരുമാനമല്ലെന്ന് വ്യക്തമാണ്. മാത്രമല്ല, മുജാഹിദ് മധ്യസ്ഥനും മുജാഹിദ് പണ്ഡിതന്മാരും സുന്നി മധ്യസ്ഥന്റെ വഞ്ചനാപരമായ ഈ പ്രഖ്യാപനത്തെ ചോദ്യം ചെയ്യുന്നതും മുകളിൽ നാം കാണുകയുണ്ടായി.

<u>നുണ 3: ഉച്ചക്ക് ശേഷം സംവാദം ആരംഭിച്ചപ്പോൾ മുജാഹിദുകൾ ഹദീസ് വായിക്കാൻ വിസമ്മതം കാണിച്ചു.</u>
സുന്നി പണ്ഡിതരോട് സംവാദം തുടങ്ങാനും അൽബാനിയിലെ ഹദീസ് വായിക്കാനും ആവർത്തിച്ച ആവശ്യപ്പെടുന്നത് നാം മുകളിൽ കണ്ടു. മുജാഹിദ് പണ്ഡിതർ പറഞ്ഞ ചില വാചകങ്ങൾ വീണ്ടും എഴുതുന്നു:
1. ''നിങ്ങൾ വായിച്ചോ, നിങ്ങളുടെ സമയത്ത് മുഴുവൻ ആ (അൽബാനിയിയുടെ) കിതാബും കൊണ്ടിരുന്നോ'',
2. ''സംവാദം തുടങ്ങിയിട്ട് പറഞ്ഞോ, നിങ്ങൾ ഇവിടുന്നല്ല (ഇരുന്ന് കൊണ്ടല്ല) പറയേണ്ടത്, സംവാദം തുടങ്ങിയിട്ട് പറഞ്ഞോ, എന്താണ് മുടക്കണമെന്ന് ആഗ്രഹം''
3. ''അത് (അൽബാനിയിലെ ഹദീസിനെക്കുറിച്ച്) നിങ്ങൾ ഞങ്ങളോട് പറയണ്ട, വാദപ്രതിവാദത്തിന് മൈക്ക് കെട്ടിവെച്ചിട്ടുണ്ട്, <u>നിങ്ങൾക്ക് ജനങ്ങളോട് പറയാം, റെക്കോർഡ് ചെയ്യും, അതിനെന്താ പ്രയാസം</u> ''.

സുന്നി പക്ഷമാണ് അൽബാനിയിലെ ഹദീസ് വായിക്കാനും സംവാദം തുടരാനും തയ്യാറാവാതെ ഒളിച്ചോടിയത് എന്ന് ഇതിൽ നിന്നെല്ലാം വ്യക്തമാണ്.

<u>നുണ 4: മുജാഹിദുകൾ സംവാദത്തിൽ നിന്നും ഒളിച്ചോടി</u>
സംവാദം നിർത്തിവെക്കാൻ സാധ്യതയില്ല എന്ന ഘട്ടത്തിൽ സുന്നി പണ്ഡിതനായ നൗശാദ് അഹ്സനിയുടെ മുഖത്തുണ്ടായിരുന്ന ടെൻഷനും, സംവാദം നിർത്തി വെക്കാൻ തീരുമാനിച്ചപ്പോൾ അദ്ദേഹത്തിന്റെ ആഹ്ളാദവും മാത്രം കണ്ടാൽ, ആരാണ് സംവാദത്തിൽ നിന്നും ഒളിച്ചോടിയത് എന്ന് വ്യക്തമാകും. മാത്രമല്ല, സംവാദം കലക്കാൻ വേണ്ടി സുന്നി പക്ഷം നടത്തിയ വഞ്ചനകളും നാം മുകളിൽ വിശദീകരിച്ചു. മുജാഹിദ് പണ്ഡിതരും മധ്യസ്ഥനും കൂളായി ഇരിക്കുമ്പോൾ, സുന്നി പണ്ഡിതർ എണീറ്റ് നിന്ന് ബഹളം വെക്കുന്നതും, സംവാദം കലക്കാൻ വേണ്ടി സുന്നി മധ്യസ്ഥൻ അത്യധ്വാനം ചെയ്യുന്നതും നമുക്ക് കാണാം. ഇതെല്ലാം മറച്ച് വെച്ച് കൊണ്ടാണ് സലാം സുല്ലമി മുജാഹിദുകൾ സംവാദത്തിൽ നിന്നും ഒളിച്ചോടി എന്ന കളവ് പ്രചരിപ്പിക്കുന്നത്.

മരിച്ചവർ ഉത്തരം ചെയ്യും എന്ന് സ്ഥാപിക്കാൻ വേണ്ടി സുന്നികൾ ഉദ്ദരിച്ച ഹദീസിലെ ആശയം, മുഴുവൻ മുസ്ലീങ്ങൾക്കും ബാധകമായതല്ല എന്നും, ഇത് ഈസാ നബി (അ) യുമായി മാത്രം ബന്ധപ്പെട്ടതാണെന്നും ഉച്ചക്ക് ശേഷം മുജാഹിദ് പക്ഷം തെളിയിക്കും എന്ന് മനസ്സിലാക്കിയ സുന്നി പക്ഷത്തിന്, സംവാദത്തിൽ നിന്നും ഒളിച്ചോടുകയല്ലാതെ വേറെ മാർഗ്ഗമില്ലായിരുന്നു എന്നതാണ് വാസ്തവം.

<u>15. സുന്നി പ്രസിദ്ധീകരണങ്ങളിലെ കളവുകൾ ശബാബിൽ പകർത്തി എഴുതുന്നത് ആരെ സന്തോഷിപ്പിക്കാനാണ്?</u>
സലാം സുല്ലമി ശബാബിലെഴുതുന്ന എല്ലാ അബദ്ധങ്ങളും, ഒരു ദീനി പ്രവർത്തനമെന്ന വിശ്വാസത്തോടെ മെയിലിൽ ഫോർവേഡ് ചെയ്യുന്ന മടവൂർ വിഭാഗം പ്രവർത്തകർ, സലാം സുല്ലമി എഴുതിയ ഈ നാല് കളവുകൾ തെളിയിക്കാൻ തയ്യാറാകുമോ?. ആലുവാ സംവാദത്തെക്കുറിച്ച് കാന്തപുരം സുന്നി പണ്ഡിതർ അവരുടെ പ്രസിദ്ധീകരണങ്ങളിൽ എഴുതുന്ന എല്ലാത്തരം കളവുകളും **അതേപടി** ശബാബിൽ പകർത്തി എഴുതുന്നതിന് മുമ്പ്, <u>ആലുവാ സംവാദത്തിന്റെ സി ഡി കാണാൻ പോലും സലാം സുല്ലമിയും മടവൂർ വിഭാഗം പണ്ഡിതരും തയ്യാറാവുന്നില്ല</u> എന്നതാണ് ഖേദകരം.

മലയാളത്തിലുള്ള പ്രസംഗത്തെപ്പോലും വളച്ചൊടിക്കുകയും, മുജാഹിദുകൾ സംവാദത്തിൽ നിന്നും ഒളിച്ചോടി എന്ന് ശബാബിലെഴുതി നാട് നീളെ പ്രചരിപ്പിക്കുകയും ചെയ്ത്, കാന്തപുരം സുന്നികൾക്ക് ശിർക്ക് പ്രചരിപ്പിക്കാൻ ആവേശം നൽകുന്നത് എന്തിന്റെ പേരിലായാലും ഒരു ഹദീസ് പണ്ഡിതന് ചേർന്നതാണോ ?.

മുജാഹിദ് പണ്ഡിതരായി സ്വയം അവകാശപ്പെടുകയും ശിർക്ക് പ്രചരിപ്പിക്കാൻ കാന്തപുരം സുന്നി വിഭാഗത്തിന് സഹായവും പ്രോൽസാഹനവും നൽകുകയും ചെയ്യുന്നവരുടെ കെടുതികളിൽ നിന്ന് മുജാഹിദ് പ്രസ്ഥാനത്തെ അല്ലാഹു കാത്ത് രക്ഷിക്കട്ടെ എന്ന് നമുക്ക് പ്രാർഥിക്കാം. (ആമീൻ)

**നാസർ പാലക്കാട്** **(തുടരും)**